

XVII/XI, *1958 ഏപ്രിൽ*

# പരമഹംസൻ

**ഹൈ**മവതഭൂവിലെ മാനസസരസ്സിൽനിന്നും പറന്നുപറന്ന് ഇങ്ങ് തെക്ക് ഭാർഗ്ഗവക്ഷേത്രത്തിൽ അങ്ങു വീണ്ടും വിഹരിച്ചശേഷം എങ്ങോ വീണ്ടും പറന്നകന്നുപോയ ഒരു കളഹംസമായിരുന്നു പ്രഭാകരസിദ്ധയോഗികൾ! അത്തരമൊരാളുടെ അത്ഭുതകഥകൾ പറയുവാനും കേൾക്കുവാനുമാണ് സാധാരണക്കാർക്കെല്ലാം ഏറെ പ്രിയം. എന്നാൽ ഒരു സാധാരണ വ്യക്തിയെപ്പോലെ- ഒരു സുഹൃത്തിനെപ്പോലെ മാത്രമായിരുന്നു ഞങ്ങൾ തമ്മിലുള്ള ബന്ധം. ക്ഷേത്രത്തിൽവച്ച് പല പ്രാവശ്യം കണ്ടപ്പോൾ ഒരിക്കൽ കൈകൾ കൂപ്പി അടുത്തുചെന്ന് അവിടുന്നാരാണ് എന്ന് ചോദിച്ചു. അദ്ദേഹം 'സംസ്കൃതമേവ അധീതം! മലയാളം സാമാന്യേന വേദ്മി, കിന്തു പ്രതിവക്തും അശക്യം, തസ്മാദ് ഭാഷാന്തരേ പൃച്ഛതാം-' ഇപ്രകാരം സംസാരിച്ചുതുടങ്ങി. പിന്നീട് ഞങ്ങളുടെ സംഭാഷണം സംസ്കൃതത്തിലായി. ഇത്ര അനായാസമായി സംസ്കൃതഭാഷയിൽ ആശയവിനിമയം ചെയ്യുന്ന മറ്റൊരാളെയും എനിക്ക് കാണുവാൻ കഴിഞ്ഞിട്ടില്ല. അവിടുന്നാരാണ് എന്ന എന്റെ ആദ്യ ചോദ്യത്തിന്-

'ചിദാനന്ദ രൂപഃ ശിവോഹം ശിവോഹം' എന്നാണ് ഉത്തരം തന്നത്. ഒപ്പം 'ത്വം അണ്വപി ന മദ് ന്യൂനം' എന്നും കൂട്ടിച്ചേർത്തു. ബ്രഹ്മവിദ്യാവിശാരദനായ ഈ മഹായോഗി ശാപഗ്രസ്തനായ ഏതോ വിദ്യാധരനോ,

ഗന്ധർവ്വനോ ആണെന്ന് എനിക്ക് തോന്നലുണ്ടായി. എവിടെനിന്നു വരുന്നു? എങ്ങോട്ടു പോകുന്നു. എവിടെ ഉറങ്ങുന്നു? എന്തു കഴിക്കുന്നു? എന്നൊക്കെ ഇടയ്ക്കിടെ ഞാൻ അന്വേഷിച്ചിട്ടുണ്ടെങ്കിലും, കൃത്യമായ ഉത്തരം തന്നിട്ടില്ല.

ഒരിക്കൽ എന്റെ കൈയിൽ ബ്രഹ്മസൂത്രത്തിന്റെ ഭാഷ്യം ഇരിക്കുന്നത് കണ്ട് ചോദിച്ചു വാങ്ങി ആകെയൊന്നു മറിച്ചു നോക്കിയശേഷം തിരിച്ചു തന്നപ്പോൾ 'അഷ്ടോത്തരസപ്തശതം വർണ്ണച്യുതി' എന്നു പറഞ്ഞു. പുതിയ പുസ്തകമാണ്. പിന്നീട് പലപ്പോഴായി പഠിച്ചപ്പോൾ അക്ഷരത്തെറ്റുകൾ ധാരാളം കണ്ടുതുടങ്ങി. അവ പ്രത്യേകം ശുദ്ധിപത്രം എഴുതിച്ചേർത്തു. ആകെ 708 കൃത്യം! ഇതെന്നെ വളരെ അത്ഭുതപ്പെടുത്തി.

മൂന്നോ, നാലോ മാസക്കാലം ഇടയ്ക്കിടയ്ക്ക് ഞങ്ങൾ കണ്ടുമുട്ടിയിരുന്നു. എന്നെ ഗണപതി എന്ന് വിളിക്കാറില്ല. വിനായകാ, ഹേരംബാ, വക്ത്രതുണ്ഡ എന്നും മറ്റും പര്യായപദങ്ങളെക്കൊണ്ടാണ് വിളിക്കുക! പിന്നീട് കാണുന്നതിന് ആഗ്രഹമുണ്ടായിരുന്നു. കണ്ടിട്ടില്ല. ഒരിക്കലും അദ്ദേഹം ഒരു സാധാരണ സന്യാസിയോ യോഗിയോ അവധൂതനോ അല്ല. പരമഹംസൻതന്നെയാണ്.

കലാരത്നം, അമ്പലപ്പുഴ ഗണപതി ശർമ്മ (മലയാളരാജ്യം വാരിക)